ഉത്തരം

(എ) സെറിഫെഡ് പിരിച്ചുവിടുന്ന നടപടിക്രമങ്ങൾ പുരോഗതിയിലാണ്.

(ബി) സെറിഫെഡിലെ വാഹനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാവരജംഗമ വസ്തുക്കൾ എല്ലാം ഗ്രാമവികസന കമ്മീഷണറുടെ കാര്യാലയത്തിന് കൈമാറുവാനും, ആലപ്പുഴ ജില്ലയിലെ പട്ടണക്കാടും, കാസർഗോഡ് ജില്ലയിലെ ഉദുമയിലും സെറിഫെഡിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റുകൾ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് കൈമാറുവാനും തീരുമാനിച്ചു. ഇതിനുപുറമേ കൊല്ലം ജില്ലയിലെ ഇളമാടുള്ള സെറികൾച്ചർ കോംപ്ലക്സ്, കൊല്ലം ജില്ലാ പഞ്ചായത്തിനും, കാസർഗോഡ് ജില്ലയിലെ ഉദുമയിലുള്ള സെറികൾച്ചർ കോംപ്ലക്സ് ടെക്സ്റ്റൈൽസ് കോർപ്പറേഷനും കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് G.O. (MS) No. 58/2010/ID dated 15-3-2010 പ്രകാരം ഈ നടപടിക്രമങ്ങൾ പുരോഗതിയിലാണ്.

(സി)	സ്ഥിരം ജീവനക്കാർ	265
	പാർട്ട് ടൈം സ്വീപ്പർമാർ	18
	ദിവസവേതന ഡ്രൈവർമാർ	3
	ദിവസവേതന റീലിംഗ് തൊഴിലാളിമാർ	46

(ഡി) സെറിഫെഡ് ജീവനക്കാരെ പഞ്ചായത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകളിലേക്ക് മാറ്റാനാണ് തീരുമാനിച്ചത്. ഇതിനായി പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, മെക്കാനിക്, പ്യൂൺ/ഹെൽപ്പർ, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളും ഗ്രാമവികസന വകുപ്പിൽ സെറികൾച്ചർ ഓഫീസർ, ഡ്രൈവർ എന്നീ തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

(ഇ) ഈ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്നത് സംബന്ധിച്ച് പി.എസ്.സി. സർക്കാരിന് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(എഫ്) സെറിഫെഡ് ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്നതിന് വേണ്ടി പി.എസ്.സി.-യുടെ അംഗീകാരം സർക്കാർ ആരാഞ്ഞിരുന്നുവെങ്കിലും ആയത് ലഭിക്കാതിരുന്നതിനെ തുടർന്ന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 28-12-2010-ലെ സ.ഉ.(കൈ)നമ്പർ 312/2010/തസ്വഭവ. എന്ന ഉത്തരവ് പ്രകാരം സെറിഫെഡ് ജീവനക്കാരെ സർക്കാർ സർവ്വീസിൽ ലയിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണമേഖലയ്ക്ക് പ്രോത്സാഹന പദ്ധതി

212(920) ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെഡിമെയ്ഡ് വസ്ത്രനിർമ്മാണമേഖലയ്ക്ക് പ്രോത്സാഹനം നൽകാനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുതമേഖലയിൽ സർക്കാർ ആഭിമുഖ്യത്തിൽ എന്തൊക്കെ പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) എത്ര തുക മുടക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, സ്വകാര്യമേഖലയിൽ നിന്ന് പ്രതീക്ഷിക്കുന്ന നിക്ഷേപം എത്രയാണെന്നും, മൊത്തം പ്രതീക്ഷിക്കുന്ന എംപ്ലോയ്മെന്റ് ജനറേഷൻ എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ മേഖലയ്ക്ക് പ്രോത്സാഹനം നൽകാനുള്ള പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. ഗവൺമെന്റ് നിക്ഷേപ സബ്സിഡി നൽകുന്നതിന് ഊന്നൽ വ്യവസായമായിട്ടാണ് (Thurst Industry) ഇതിനെ കണക്കാക്കുന്നത്. കൂടാതെ കിൻഫ്രയുടെ നേതൃത്വത്തിൽ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്, തിരുവനന്തപുരം, കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ എന്നിവ ആരംഭിച്ചിട്ടുണ്ട്.

(ബി) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണശാലകളുടെ വികസനം ലക്ഷ്യമാക്കി കിൻഫ്രയുടെ നേതൃത്വത്തിൽ റൂറൽ അപ്പാരൽ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ രാജകുമാരിയിൽ ഭൂമി കണ്ടെത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിലും, മലപ്പുറം ജില്ലയിലെ പൊന്നാനിയിലും, പത്തനംതിട്ട ജില്ലയിലെ റാന്നിയിലും, കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലും അനുയോജ്യമായ ഭൂമി ഇതിനായി കണ്ടെത്തിക്കഴിഞ്ഞു. കൂടാതെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് റൂറൽ അപ്പാരൽ പാർക്കുകളിൽ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനുള്ള ചെലവിനത്തിൽ ആളൊന്നിന് 5000 രൂപ വീതം സബ്സിഡി നൽകുന്നതാണ്.

(സി) NIFT കേന്ദ്രത്തിന് 58 കോടി രൂപയും കണ്ണൂരിലെ ടെക്സ്റ്റൈൽ സെന്ററിനും വേണ്ടി 47 കോടി രൂപയും, കിൻഫ്ര അപ്പാരൽ പാർക്കിനുവേണ്ടി 23 കോടി രൂപയും റൂറൽ അപ്പാരൽ പാർക്കുകൾക്കു വേണ്ടി 25 കോടി രൂപയാണ് മുതൽമുടക്കാൻ ഉദ്ദേശിക്കുന്നത്. സ്വകാര്യ മേഖലയിൽ നിന്ന് പ്രതീക്ഷിക്കുന്ന നിക്ഷേപം താഴെ പറയുന്നു.

1. കണ്ണൂരിലെ ടെക്സ്റ്റൈൽ സെന്റർ 200 കോടി രൂപ
2. റൂറൽ അപ്പാരൽ പാർക്കുകൾ 25 കോടി രൂപ
3. ഇന്റർനാഷണൽ അപ്പാരൽ പാർക്ക് 50.21 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly